(സി) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ രാമച്ചം, ഔഷധസസ്യം, ടിഷ്യുകൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം നോർത്ത്, കുത്തിയതോട്, വയലാർ, കോടംതുരുത്ത്, വള്ളിക്കുന്നം, തഴക്കര, ബുധനൂർ പ്രദേശങ്ങളിൽ നീർച്ചാലുകളുടെ വശങ്ങളിലും ബണ്ടുകൾ ബലപ്പെടുത്തുന്നതിനുവേണ്ടിയും 14,931 മീറ്റർ രാമച്ചം വച്ചുപിടിപ്പിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ വെച്ചൂർ, ടി.വി. പുരം, തലയാഴം, ഉദയനാപുരം, ചെമ്പ്, വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, വെള്ളൂർ, കല്ലറ, കടുത്തുരുത്തി, മാഞ്ഞൂർ, കാണക്കാരി, നീണ്ടൂർ, ആർപ്പൂക്കര, അയ്മനം, അതിരമ്പുഴ, തിരുവാർപ്പ്, കുമരകം, കോട്ടയം മുനിസിപ്പാലിറ്റി തുടങ്ങിയ പ്രദേശങ്ങളിൽ 7,708 മീറ്റർ രാമച്ചം, 11,601 ഔഷധ സസ്യങ്ങൾ എന്നിവ പൊതു സ്ഥലങ്ങളിലായി വച്ചുപിടിപ്പിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ ടി.വി. പുരം, തലയാഴം, മറവൻതുരുത്ത്, ചെമ്പ്, കല്ലറ, മാഞ്ഞൂർ, നീണ്ടൂർ, അയ്മനം, അതിരമ്പുഴ, പായിപ്പാട്, കറിച്ചി, പനച്ചിക്കാട് പ്രദേശങ്ങളിലെ 5,205 ഗുണഭോക്താക്കൾക്കായി 60,000 എണ്ണം ടിഷ്യു കൾച്ചർ വാഴത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ നെടുമ്പ്രം, കടപ്ര, കുറ്റൂർ, നിരണം ഗ്രാമപഞ്ചായത്തുകളിലെ 10 ഗുണഭോക്താക്കൾക്കായി 2,089 മീറ്റർ രാമച്ചം വച്ചുപിടിപ്പിച്ചിട്ടുണ്ട്

മണ്ണുസംരക്ഷണത്തിനുള്ള കർമ്മ പദ്ധതികൾ

211 (1581) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മണ്ണുസംരക്ഷണത്തിന് തയ്യാറാക്കിയ കർമ്മപദ്ധതികൾ വിശദമാക്കുമോ ;

(ബി) മണ്ണിലെ പോഷകഘടകങ്ങൾ വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളാണ് പ്രയോജന പ്പെടുത്തുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഇവ നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2015-16 വാർഷിക പദ്ധതിയിൽ മണ്ണ് സംരക്ഷണത്തിനായി നടപ്പി ലാക്കുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്ത് നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയിൽ നിന്നുള്ള ധനസഹായത്തോടുകൂടി നീർമറി പ്രദേശാടിസ്ഥാനത്തിലുള്ള മണ്ണ്-ജല സംരക്ഷണ പദ്ധതികൾക്കായി 35 കോടി രൂപ (മുപ്പത്തിയഞ്ച് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

2. ഉരുൾപൊട്ടൽ ബാധിത/സാധ്യതാ പ്രദേശങ്ങളുടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 345 ലക്ഷം രൂപ (മുന്നൂറ്റി നാൽപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

3. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട എന്നീ ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 30 ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

4. വിവര സാങ്കേതിക വിദ്യയുടെ ഉപയോഗത്തിനായും നീർത്തട പ്രോജക്ടുകളുടെ അവലോകനവും വിലയിരുത്തലും നടത്തുന്നതിനായും 40 ലക്ഷം രൂപ (നാൽപ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

(ബി) മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രീയമായ വളപ്രയോഗം നടത്തുന്നതിനും, മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ആനുകീയ പങ്കാളിത്തത്തോടെ കർഷകന്റെ ഓരോ തുണ്ട് ഭൂമിയിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അവയിലെ പ്രഥമ, ദ്വിതീയ സൂക്ഷ്മ മൂലകങ്ങൾ അടക്കമുള്ള രാസ ഭൗതിക പരിശോധനകൾ നടത്തി വിളകളുടെ പരിപാലന മുറകളും ശിപാർശകളും രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നുണ്ട്. കൃഷി വകുപ്പ് "മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉൽപ്പാദന വർദ്ധനവും" (സോയിൽ ഹെൽത്ത് മാനേജ്മെന്റ് ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ്) എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ കീഴിൽ മണ്ണിന്റെ പോഷക ഘടകങ്ങൾ വർദ്ധിപ്പിച്ച് മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ 90% മണ്ണിലും അമ്ലത്വം കൂടിയതിനാൽ നീറുകക്ക മുതലായവ ചേർത്ത് അമ്ലത്വം ക്രമീകരിച്ച് പോഷക ലഭ്യത കൂട്ടുവാനുള്ള പദ്ധതിയും മണ്ണിലെ സൂഷ്മ മൂലകങ്ങളുടെ അഭാവം പരിഹരിക്കുന്നതിന് "സപ്പോർട്ട് ടു സെക്കണ്ടറി ആന്റ് മൈക്രോ ന്യൂട്രിയന്റ്സ്" എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(സി) സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനായി മണ്ണ് പര്യവേഷണ സംരക്ഷണ വകപ്പിന്റെ സംസ്ഥാന പദ്ധതികളായ "മണ്ണ് പരിശോധന ശാലകൾ", "സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ലിക്കേഷൻ സെൽ" എന്നിവയിൽ നിന്നുമാണ് ഉക കണ്ടെത്തുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 49,000 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. കൃഷി വകപ്പിൽ സംസ്ഥാനവിഷ്കൃത പദ്ധതിയായ "നാഷണൽ മിഷൻ ഓൺ സസ്റ്റയിനബിൾ അഗ്രിക്കൾച്ചർ (NMSA)"ന്റെ ഘടകമായ സോയിൽ ഹെൽത്ത് മാനേജ്മെന്റ് (SHM) എന്ന പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉൽപ്പാദന വർദ്ധനവും (Soil Health Management & Productivity Improvement) എന്ന സംസ്ഥാന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൃഷി വകപ്പിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭരണാനുമതിയും ഫണ്ടും ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) കൃഷി വകപ്പിന്റെ 2015-16-ലെ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭരണാനുമതിയും ഫണ്ടും പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്ക് നൽകിയിട്ടുണ്ട്

പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

പടന്നക്കാട് കാർഷിക കോളേജിലെ സെക്ഷൻ ഓഫീസർ തസ്തികകൾ

212 (1582) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പടന്നക്കാട് കാർഷിക കോളേജ് എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly